(ഡി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ തീരദേശജില്ലകളിലും, ഉൾനാടൻ ജില്ലയായ കോട്ടയത്തുമാണ് ഫിഷറീസ് റോഡുകൾ അനുവദിച്ചിട്ടുള്ളത്. അനുവദിച്ചിട്ടുള്ള ഫിഷറീസ് റോഡുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റുകൾ (രണ്ടെണ്ണം) അടക്കം ചെയ്തിരിക്കുന്നു.† (പ്രസ്തുത ലിസ്റ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചില റോഡ് പ്രവൃത്തികൾ പിന്നീട് നീക്കം ചെയ്യപ്പെടുകയും അതിനു പകരം പുതിയവ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്).

111 (444) മത്സ്യ ഭവനുകൾ

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നര വർഷം മുൻപ് കടലോര കായലോര ഗ്രാമപ്രദേശങ്ങളിൽ ആരംഭിച്ച മത്സ്യഭവനുകൾ പ്രവർത്തന രഹിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മത്സ്യഭവനുകളിൽ ഫിഷറീസ് വകുപ്പിന്റെയോ, ക്ഷേമനിധി ബോർഡിന്റെയോ, മത്സ്യഫെഡിന്റെയോ പ്രതിനിധികൾ ഈ കാലയളവിൽ ഹാജരായിരുന്നോ എന്ന് വെളിപ്പെടുത്തുമോ;

(സി) ഗ്രാമപഞ്ചായത്തുകൾ സ്വന്തമായോ വാടകയ്ക്കോ എടുത്തു നൽകിയിട്ടുള്ള കെട്ടിടങ്ങളിലെ മത്സ്യഭവനങ്ങൾ ഒരു വർഷത്തിൽ എത്ര തവണ തുറന്നു പ്രവർത്തിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവ ഏതൊക്കെ ദിവസം തുറന്നു പ്രവർത്തിക്കണമെന്ന് കാലേക്കൂട്ടി പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രവർത്തന ദിവസങ്ങളിൽ പ്രസ്തുത മൂന്ന് സ്ഥാപനങ്ങളുടെയും പ്രതിനിധികൾ ഹാജരാകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മത്സ്യഭവനുകളിൽ ഫിഷറീസ് വകുപ്പിന്റെയും, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെയും പ്രതിനിധികൾ സ്ഥിരമായി ഹാജരാകുന്നുണ്ട്. മത്സ്യഫെഡിന്റെ പ്രതിനിധി അത്യാവശ്യം സന്ദർഭങ്ങളിൽ ഹാജരാകുന്നു.

(സി) മത്സ്യഭവനുകൾ സ്ഥിരമായി പ്രവർത്തിച്ചു വരുന്നു.

(ഡി) മറ്റ് ഔദ്യോഗിക കാര്യങ്ങൾക്ക് പല ഓഫീസുകളിലും ഹാജരാകേണ്ടി വരുമ്പോൾ, മത്സ്യഭവൻ ഓഫീസർമാർ പ്രസ്തുത ദിവസങ്ങളിൽ മത്സ്യഭവനുകളിൽ ഹാജരാകുന്നതല്ല എന്ന് മത്സ്യഭവൻ നോട്ടീസ് ബോർഡിൽ നോട്ടീസ് പ്രദർശിപ്പിക്കാറുണ്ട്.

(ഇ) പ്രവർത്തന ദിവസങ്ങളിൽ മറ്റ് അത്യാവശ്യ ഔദ്യോഗിക ചുമതലകൾ ഇല്ലെങ്കിൽ, മത്സ്യഭവൻ ഓഫീസിൽ, ഫിഷറീസ് വകുപ്പിന്റെയും, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെയും പ്രതിനിധികൾ ഹാജരാകാറുണ്ട്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly